പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി റബ്ബർകൃഷി

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5855

07.07.2014 ൽ മറുപടിക്ക്

ചോദ്യം. ഉത്തരം

| | | | |
|---|---|---|---|
| ശ്രീ.ജെയിംസ് മാത്യു | | ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | സ്വകാര്യ ഭൂമിയിൽ റബ്ബർകൃഷി ചെയ്യുന്നതിന് മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ യെന്ന് വ്യക്തമാക്കാമോ; | (എ) | കേന്ദ്ര റബ്ബർ ബോർഡിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി റബ്ബർ കൃഷിചെയ്യുന്നതും തൊഴിലുറപ്പ് നിയമ പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങളുടെ തോട്ടങ്ങളിൽ കേന്ദ്രറബ്ബർ ബോർഡിന്റെ പദ്ധതികളുമായി സംയോജിപ്പിച്ച് കൊണ്ട്, തൊഴിലുറപ്പു പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി, റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട കായിക പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുള്ള സംയോജന-മാർഗ്ഗരേഖ (Convergence guidelines) കേന്ദ്ര ഗ്രാമവികസന മന്ത്രാലയം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് കേരളത്തിൽ, പൈലറ്റടിസ്ഥാനത്തിൽ, തൊഴിലുറപ്പ് നിയമത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയിൽ, സംസ്ഥാനത്ത് ആകെ 500 ഹെക്ടർ സ്ഥലത്ത്, റബ്ബർ കൃഷി ഏറ്റെടുക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. |
| (ബി) | എങ്കിൽ എത്ര ഹെക്ടർ സ്ഥലത്ത് എപ്പോൾ മുതൽ പദ്ധതി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | 2013-14 സാമ്പത്തിക വർഷം 500 ഹെക്ടർ സ്ഥലത്ത് റബ്ബർ കൃഷി ചെയ്യുന്നതിനാണ് ഉദ്ദേശിച്ചിരുന്നത്. |
| (സി) | പദ്ധതി സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | പട്ടികജാതി, പട്ടിക വർഗ്ഗം നാടോടികളായ പട്ടികവർഗ്ഗങ്ങൾ, ഡീനോട്ടിഫൈഡ് പട്ടിക വർഗ്ഗങ്ങൾ, ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾ, വനിതകൾ ഗൃഹനാഥകളായിട്ടുള്ള കുടുംബങ്ങൾ, ഭൂപരിഷ്കരണത്തിന്റെ ഗുണഭോക്താക്കൾ, ഇന്ദിരാആവാസ് യോജന പദ്ധതിയുടെ |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾ, 2006 -ലെ പട്ടിക വർഗ്ഗങ്ങളും ഇതര പരമ്പരാഗത വനവാസികളും (വനാവകാശം അംഗീകരിക്കൽ) നിയമത്തിന്റെ ഗുണഭോക്താക്കൾ എന്നീ വിഭാഗങ്ങളുടെ റബ്ബർ തോട്ടങ്ങളിൽ റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട കായിക പ്രവർത്തനങ്ങൾ ഏറ്റെടുത്തതിനുശേഷം ചെറുകിട-നാമമാത്ര കർഷകരുടെ ഭൂമിയിൽ കേന്ദ്രറബ്ബർ ബോർഡിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം ഏറ്റെടുക്കുന്ന റബ്ബർകൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട കായിക പ്രവൃത്തികൾ, തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി, തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്. മാർഗ്ഗ നിർദ്ദേശത്തിൽ പ്രതിപാദിച്ചിട്ടുള്ള പരിധിയിൽ കൂടുതലായി വരുന്ന കായിക പ്രവൃത്തികളും, റബ്ബർ തൈകളുടെ വില, വളം, കീടനാശിനി എന്നിവയുടെ വിലയും റബ്ബർ ബോർഡും ഗുണഭോക്താക്കളും സംയുക്തമായി വഹിക്കേണ്ടതാണ്. പുതിയ തോട്ടങ്ങൾ വച്ചു പിടിപ്പിക്കുന്നതിനും നിലവിലുള്ള തോട്ടങ്ങളുടെ റീപ്ലാന്റേഷനും മാത്രമേ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള തൊഴിൽ ഘടകം ലഭ്യമാവുകയുള്ളൂ. തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള കായിക ഇടപെടലുകൾ ആദ്യത്തെ അഞ്ചു വർഷത്തേക്ക് പരിമിതപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ